**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം തുടർച്ചയായി തടസപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിലെ ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ചെയിനേജ് 150 മീറ്ററിലെ സൈഫൺ ബാരലിന്റെ ചോർച്ച തടയുന്നതിന് വേണ്ടി 28/01/2023 തീയതിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ടി പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചതിൽ നിന്നും പുതിയ സൈഫൺ പണിയുന്നതിന് പകരം അക്വാഡക്റ്റ് നിർമ്മിക്കുന്നതാണ് ഉചിതം എന്ന നിർദ്ദേശം നൽകുകയും, ആയതനുസരിച്ച് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി അക്വാഡക്റ്റ് നിർമ്മിക്കുന്നതിലേക്കായുള്ള 54 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് സൈഫൺ ബാരലിന്റെ ചോർച്ച തടയുന്നതിന് താത്കാലിക പരിഹാരം എന്ന നിലയ്ക്കുള്ള shot creting പ്രവൃത്തിക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 12.80 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതി നൽകുകയും, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.ഐ.സെൻട്രൽ സർക്കിൾ എറണാകുളം കാര്യാലയത്തിൽ നിന്നും ഭരണാനുമതി നൽകുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ മൂവാറ്റുപുഴയുടെ കാര്യാലയത്തിൽ നിന്നും സാങ്കേതികാനുമതി നൽകുകയും 01/02/2024 തീയതിയിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. ആയതിനാൽ, 12/02/2024 വരെയും തുടർന്ന് 16/02/2024 വരെയും ടെണ്ടർ സമർപ്പിക്കുവാനുള്ള തീയതി ദീർഘിപ്പിച്ച് നൽകിയിരുന്നുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. 26/02/2024 തീയതിയിലും 15/03/2024 തീയതിയിലും പ്രവൃത്തി റീ-ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ ദർഘാസ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ടി സാഹചര്യത്തിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ അനുസരിച്ച് തയ്യാറാക്കിയ 54 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എറണാകുളം മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു. ആയത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | ഏറെ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശം എന്ന നിലയ്ക്ക് പ്രസ്തുത പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അടിയന്തിര നടപടി സ്വീകരിക്കുമോ. വ്യക്തമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ